


# ജനകീയ ആത്മീയതയെ പ്രതിരോധിക്കുന്ന സുവിശേഷം

**ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ**

പൗരസ്ത്യ ക്രൈസ്തവ ദർശനങ്ങൾക്ക് സാമൂഹിക ശാസ്ത്ര പശ്ചാത്തലത്തിലും കൗൺസലിങ്ങ് രീതി ശാസ്ത്രത്തിലും വേദവിശകലനം പകരുന്ന പാരമ്പര്യമാണ് പ്രശസ്ത കൺവൻഷൻ പ്രസംഗകനും മനഃശാസ്ത്രജ്ഞനുമായ ഫാ. ഡോ. ഒ തോമസിന്റെ എഴുത്തുകളിലും പ്രഭാഷണങ്ങളിലും ശക്തിപ്പെടുന്നത്. നാല് പതിറ്റാണ്ടായി ഇടയശുശ്രൂഷയിലും പ്രബോധനത്തിലും ജാഗ്രതയോടെ പ്രവർത്തിക്കുന്ന കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി പ്രിൻസിപ്പാൾ വന്ദ്യ ഡോ. ഒ. തോമസച്ചനിൽ ശക്തിപ്പെടുന്നത് ക്രിസ്തുദർശനം വിസ്മരിച്ച്, സഭയിലും സമൂഹത്തിലും പ്രചാരമേറുന്ന ജനകീയ ആത്മീയതയോടുള്ള നിരന്തരമായ പോരാട്ടമാണ്. ഇത് വാക്കുകളിലും വ്യാഖ്യാനങ്ങളിലും അതിശക്തമായി സംക്രമിക്കപ്പെടുന്നു.


പ്രഭാഷണങ്ങളിൽ ഉജ്ജ്വലമായും ചിലപ്പോൾ ഹാസ്യാത്മകമായും സംവേദിപ്പിക്കുന്ന വിമർശന വിശകലനങ്ങൾക്ക് പ്രതിരോധം തീർക്കുവാൻ ആർക്കും തന്നെ സാധിച്ചിട്ടില്ല. അത്രയ്ക്ക് ഭദ്രമായും യുക്തമായും വാദമുഖങ്ങൾ അവതരിപ്പിക്കുവാൻ അനിതര സാധാരണ വരസിദ്ധി അദ്ദേഹം നേടിയിട്ടുണ്ട്. ഡോ. ഒ. തോമസ് അച്ചൻ പ്രഭാഷണങ്ങളിൽ പങ്കിടുന്ന വിമർശനമുഖങ്ങൾക്ക് എതിരെ

പ്രതിഷേധങ്ങൾ വ്യാപകമാകാറുണ്ടെങ്കിലും പ്രവാചക ദർശനത്തോടെ സാമൂഹിക നീതിക്കും ക്രിസ്തുദർശന മൂല്യങ്ങളുടെ ദൈവരാജ്യ വ്യാപനത്തിനുമായി വാക്കും വചനവും ഇരുതല മൂർച്ചയോടെ അവതരിപ്പിക്കുന്നു.

*ക്രിസ്തുദർശനവും ജനകീയ ആത്മീയതയും* എന്ന കൃതിയിൽ വെളിപ്പെടുന്നത് ക്രിസ്തുദർശനത്തിന്റെ താത്വിക ദർശനങ്ങളും സഭയിലും സമൂഹത്തിലും ശക്തിപ്പെടുന്ന ജനകീയ ആത്മീയതയുടെ കാപട്യങ്ങൾക്ക് എതിരെയുള്ള പ്രവാചക ദർശനങ്ങളുമാണ്. 'ക്രിസ്തു ഒരിടത്തും പിറക്കുന്നില്ല' എന്ന പ്രഥമ ലേഖനത്തിൽ ജനകീയ ആത്മീയതയെ പൊളിച്ചടുക്കുന്നു. *'തിന്മ ഇരുട്ടിനോട് സമമാണെങ്കിൽ അതിനെ നശിപ്പിക്കുവാൻ നന്മയാകുന്ന വെളിച്ചം കാണിച്ചാൽ മതി. എന്നാൽ നന്മയോട് നിരന്തരം പോരാടുന്ന തിന്മയ്ക്ക് ഒരു കൗശലമുണ്ട്. അതായത് നന്മയുടെ ആവരണമിടുന്നതിലൂടെയാണ് തിന്മ വിജയിക്കുന്നത്.'* സഭയിലും സമൂഹത്തിലും കണ്ടെത്തുന്ന ആഘോഷങ്ങളിൽ തിന്മ വിജയിക്കുന്നു. അത് നന്മയുടെ ആവരണം ധരിച്ചാണ് ജനകീയത സൃഷ്ടിക്കുന്നത്. നോമ്പും പ്രാർത്ഥനയും ജാഗരണവും ക്രിസ്തുദർശനത്തിന്റെ ഭാഗമാണെങ്കിലും ക്രിസ്തുമസ്, ഈസ്റ്റർ, പെരുന്നാൾ പോലുള്ള ആഘോഷങ്ങളിൽ നന്മയെ തമസ്ക്കരിച്ച്, നന്മയുടെ ആവരണങ്ങളിലൂടെ തിന്മ സംക്രമിക്കപ്പെടുകയാണ്. 'തിരുപ്പിറവിയുടെ സന്ദേശം പൂർണ്ണമായും തിന്മയേറ്റെടുക്കുന്ന നാളുകൾക്ക് ഇനി അധിക ദൂരമില്ലെന്ന്' ഫാ. ഡോ. ഒ. തോമസ് പ്രവചിക്കുന്നു. ക്രിസ്തുവിനെ വന്ദിക്കുവാൻ ഏറ്റവും അധികം ആഗ്രഹിച്ച ഹേറോദാവ് ആധുനിക മനുഷ്യന്റെ പ്രതീകമായി തീരുന്നുവെന്നും അധികാരം, പണം, അഴിമതി, സ്വജനപക്ഷപാതം, സുഖലോലുപത, എതിരാളികളെ നശിപ്പിക്കൽ എന്നിവ എല്ലാക്കാലത്തും ഭരണകൂടങ്ങളും വ്യവസ്ഥാപിത മതങ്ങളും നിർവ്വഹിക്കുന്നതിനാൽ പതിവുകളിൽ 'അവൻ (ക്രിസ്തു)' ഇല്ലാതെ പോകുന്നു എന്നും വ്യക്തമാകുന്നു.

ക്രിസ്തുദർശനം വെറുമയാക്കലും ദൈവരാജ്യമൂല്യങ്ങളിൽ അധിഷ്ഠിതമായ നിർമ്മല സുവിശേഷവുമാണ്. ക്രിസ്തു മനസ്സിൽ ജനിക്കുമ്പോൾ ക്രിസ്തുദർശനം ജീവിതത്തിൽ യാഥാർത്ഥ്യമാകും. ആരാധനയും ആചാരാനുഷ്ഠാനങ്ങളും ഉണ്ടെങ്കിലും ഹൃദയം വിശുദ്ധവും നിഷ്കപടവുമല്ലെങ്കിൽ ക്രിസ്തുദർശനം അന്യമായിരിക്കും. ആത്മീയതയിൽ

*'തിന്മ ഇരുട്ടിനോട് സമമാണെങ്കിൽ അതിനെ നശിപ്പിക്കുവാൻ നന്മയാകുന്ന വെളിച്ചം കാണിച്ചാൽ മതി. എന്നാൽ നന്മയോട് നിരന്തരം പോരാടുന്ന തിന്മയ്ക്ക് ഒരു കൗശലമുണ്ട്. അതായത് നന്മയുടെ ആവരണമിടുന്നതിലൂടെയാണ് തിന്മ വിജയിക്കുന്നത്.'*



പ്രചാരം ഏറുന്ന ജനകീയ വഴികളിലൂടെ സഞ്ചരിച്ചാൽ ക്രിസ്തുവിനെ കണ്ടെത്തുവാൻ കഴിയുകയില്ല. ഫാ. ഡോ. ഒ. തോമസ് എഴുതുന്നു: *കൂടുതൽ പേരും നടക്കുന്ന വഴിയിലൂടെ നടന്നാൽ യേശുവിനെ കണ്ടെത്തുകയില്ല. ഹേറോദോവിനും പരീശമതത്തിനും ആ വെളിച്ചം കാണാനായില്ല. വിശ്വാസികളുടെ മുമ്പിൽ ഇന്നുള്ള വെല്ലുവിളി അതുതന്നെയാണ്. വേറിട്ട വഴിയിലൂടെ യാത്ര ചെയ്യുവാൻ സാധിക്കുമോ.*

ആത്മീയതയിലെ കച്ചവട മനോഭാവവും അധീശത്വ മനസ്സും കടന്നാക്രമണ വാസനയും ദൈവരാജ്യമൂല്യങ്ങളിൽ അധിഷ്ഠിതമാണ്. ആത്മപരിത്യാഗത്തിന്റെയും ശുശ്രൂഷയുടെയും ത്യാഗ മനസ്സാണ് ക്രിസ്തുദർശനം വിളംബരം ചെയ്യുന്നത്. സാമ്പത്തിക സാമൂഹിക ക്രമങ്ങളിലൂന്നിയ സഭാ ശുശ്രൂഷകൾക്കും സ്ഥാപന വിപുലീകരണ പ്രവർത്തനങ്ങൾക്കും സഭകൾ അന്ത്യം കുറിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. തിന്മയും പാപസ്വഭാവത്തിനും മേൽ വിജയം നേടുന്ന ആത്മീയ സംസ്കാരം വളർത്തിയെടുക്കണം. ജനകീയ ആത്മീയതയുടെ വികൃതരൂപങ്ങളെ പ്രതിരോധിക്കുവാനുള്ള ആർജ്ജവവും ദർശനവും പ്രവാചകശേഷിയും ക്രൈസ്തവർ ഉൾക്കരുത്താക്കണം.

ആഗോളവൽക്കരണം സൃഷ്ടിക്കുന്ന കമ്പോളമൂല്യവും ആർത്തി സംസ്കാരവും ഭേദിക്കുവാൻ കഴിയണം. *നാല്പതു ദിവസത്തെ പ്രാർത്ഥനയും ഉപവാസവും വഴി ഭൗതിക പ്രലോഭനങ്ങളെ കീഴടക്കിയ ക്രിസ്തുവിന്റെ സുവിശേഷ ശൈലിയാണ് ഏവർക്കും മാതൃകയാവേണ്ടത്. സ്വാർത്ഥത, അഹന്ത, ദ്രവ്യാഗ്രഹം, സ്ഥാനം, പദവി*

*ഇവ വെട്ടിപിടിക്കുവാൻ നടത്തുന്ന നിരന്തര ശക്തിയാണ് ആത്മീയതയിൽ ലക്ഷ്യംവെയ്ക്കുന്നതെങ്കിൽ അത് ക്രിസ്തുദർശനത്തിന്റെ വഴിയും വെളിച്ചവും അല്ല പങ്കിടുന്നത്. സഭയുടെ മിഷൻ ആരംഭിക്കുന്നതുതന്നെ ലോകത്തോടും അതിന്റെ തിന്മയോടുമുള്ള ഏറ്റുമുട്ടലിലാണെന്ന്* ഫാ. ഡോ. ഒ. തോമസ് സ്ഥാപിക്കുന്നു.

ക്രിസ്തുനാമം മഹത്വപ്പെടുത്തുകയും ദൈവരാജ്യമൂല്യങ്ങൾ സമൂഹത്തെ സ്വാധീനിക്കുകയും ചെയ്യുന്നിടത്ത് സുവിശേഷം അർത്ഥവത്തായി ആഘോഷിക്കപ്പെടുമെന്ന് ഫാ. ഡോ. ഒ. തോമസ് സാക്ഷിക്കുന്നു. ദൈവരാജ്യവും അതിന് അനുസൃതമായ ഒരു ജീവിതശൈലിയുമാണ് സുവിശേഷത്തിന്റെ കേന്ദ്രസ്ഥാനം. അതിൽനിന്ന് അകലുന്തോറും ക്രിസ്തുവിൽനിന്നും സുവിശേഷത്തിൽ നിന്നും അകലുന്നു എന്ന തിരിച്ചറിവ് ഏവർക്കും ഉണ്ടാകണം.

ക്രിസ്തുശരീരത്തിലുള്ള കൂട്ടായ്മയും ദൈവരാജ്യത്തിന്റെ കെട്ടുപണിയിലുള്ള പങ്കുചേരലും ക്രൂശും ത്യാഗവും സ്നേഹവും ഉൾച്ചേരുന്നതാണ് ക്രിസ്തു പകർന്ന ആത്മീയത. ചൂഷണവും ആക്രമവും അനീതിയും നിറഞ്ഞ ലോകത്തെയും അതിലെ ഘടകങ്ങളെയും നീതിപൂർവ്വമായി രൂപാന്തരപ്പെടുത്തുന്ന ദൈവരാജ്യ നിർമ്മിതിയിൽ പങ്കുചേരുന്നതാണ് യഥാർത്ഥ ആത്മീയത എന്നതാണ് ഫാ. ഡോ. ഒ. തോമസ് പങ്കിടുന്ന ദർശനം. ക്രിസ്തുവിനോട് അടുപ്പിക്കുന്നതിന് പകരം അത്ഭുത രോഗശാന്തി പകരുന്നവരിലേക്ക് ആകർഷിക്കുവാനുള്ള വചനഘോഷണ ശൈലികളും പ്രചരണ തന്ത്രങ്ങളും ക്രിസ്തുകേന്ദ്രീകൃതമല്ല എന്നും വ്യക്തമാകുന്നു. വ്യക്തിപരമായ അനുഭവങ്ങളും വൈകാരിക അനുഭൂതിയും അത്ഭുത-ആഗ്രഹ സഫലീകരണവും, രോഗശാന്തിയും എല്ലാം ജനകീയ ആത്മീയതയ്ക്കായി പ്രചരിക്കുമ്പോൾ വികലമായ ആത്മീയത വർദ്ധിക്കുന്നു. വികലമായ ആത്മീയതയ്ക്ക് ലഭിക്കുന്ന സാർവ്വത്രിക അംഗീകാരം സഭയിലും സമൂഹത്തിലും ഗുരുതരമായി തീരുന്നു.

ജനകീയ ആത്മീയതയെ ഡോ. ഒ. തോമസ് അച്ചൻ ലളിതമായ വാകൃത്തിൽ നിർവചിക്കുന്നത് ശ്രദ്ധേയമാണ്: *ജനത്തെ പിടിച്ചു നിർത്തുവാൻ ആവശ്യമുള്ള കാര്യങ്ങൾ ചെയ്ത് ജനകീയാഭിമുഖ്യം പുലർത്തുക. അതായത് ജനത്തിന് ഇഷ്ടമുള്ളതുപോലെ കാര്യങ്ങൾ ചെയ്ത് കൊടുത്ത് വിശ്വാസികളെ കൂടെ നിർത്തുക എന്നതാണ് ജനകീയ ആദ്ധ്യാത്മീകത ലക്ഷ്യം വെയ്ക്കുന്നത്.* വ്യക്തിപരമായ അനുഭൂതി, ജീവിത പുതുക്കം, പ്രതിസന്ധികളുടെ അതിജീവനം, വ്യക്തിപരമായ താലന്തുകളുടെ വികസനം, മാനസിക ദുഃഖങ്ങളുടെയും സംഘർഷങ്ങളുടെയും അതിജീവനം, മാനസിക ആഹ്ലാദം, സ്നേഹിക്കപ്പെടുവാനുള്ള അവസരം തുടങ്ങിയവ ജനപ്രിയ ആത്മീയതയാൽ ലക്ഷ്യം വെയ്ക്കുന്നു. *ആത്മീയതയുടെ പേരിലുള്ളതെന്തും വൈകാരികമായ അനുഭൂതിയും സംതൃപ്തിയും പകരുന്നതായി തീരണം. അഥവാ വൈകാരികാനുഭൂതിയും ഉദ്ദിഷ്ഠ കാര്യസിദ്ധിയും ലക്ഷ്യമാക്കുന്നതാണ് ജനകീയ ആത്മീയത.* ക്രിസ്തുദർശനമോ മനുഷ്യാവതാര രക്ഷണ്യപ്രവർത്തനങ്ങളുടെ വേദവിശകലനമോ ദൈവരാജ്യ മൂല്യങ്ങളെക്കുറിച്ചുള്ള ഉൾബോധമോ ജനകീയ ആത്മീയതയിലെ പ്രധാന വിഷയമേയല്ല. ക്രിസ്തുദർശനവും നീതിബോധവും സാമൂഹിക പ്രതിബദ്ധതയും വിസ്മരിക്കുന്ന ജനകീയ ആത്മീയതയിലേക്ക് മുഖ്യധാര സഭകൾപോലും വഴുതി വീഴുന്നു. പൊതുസമൂഹത്തിന്റെ ചിന്താധാരകൾക്ക് അനുസൃതമായി സഭകൾ പ്രവർത്തന അജണ്ട നിശ്ചയിക്കുകയാണ്.

സാമൂഹിക നീതി, ദാരിദ്ര്യ നിർമ്മാർജ്ജനം, പരിസ്ഥിതി പ്രശ്നങ്ങൾ, ആഗോളവൽക്കരണത്തിന്റെ പാർശ്വഫലങ്ങൾ തുടങ്ങി ഒട്ടനവധി വിഷയങ്ങൾ സഭയുടെ മിഷൻ അജണ്ടയിൽ സ്ഥാനം നേടിയപ്പോൾ ജനകീയ ആത്മീയതയിൽ തലവേദന മുതൽ കാൻസർ വരെയുള്ള എല്ലാ ശാരീരിക രോഗങ്ങൾക്കും മാനസിക പ്രശ്നങ്ങൾക്കും സാമ്പത്തിക-വൈവാഹിക പ്രതിസന്ധികൾക്കും പരിഹാരം നിർദ്ദേശിച്ചുള്ള ഉണർവ്വ് പ്രസ്ഥാനങ്ങളും കൂട്ടായ്മകളും അത്ഭുത രോഗശാന്തിയും ടെലിവിഷൻ ചാനൽ പ്രഭാഷണങ്ങളും വ്യാപകമാകുന്നു. മനുഷ്യ പ്രകൃതിയിൽ പൊതുവേ സ്വാർത്ഥതയും വൈകാരികതയും ഉള്ളതിനാൽ സഭകളിൽ നിന്നും ജനങ്ങൾ കൂട്ടമായി ഇത്തരം ജനകീയ ആത്മീയതയെ പിന്തുടരുന്നു. ചിലർ സഭയുടെ ഘടന



നയിൽ നിന്നുകൊണ്ട് ജനകീയ ആത്മീയതയെ ഉൾക്കൊള്ളുന്നു. ഒരിടത്ത് സാമൂഹിക കാഴ്ചപ്പാടിലും മറ്റൊരിടത്ത് വൈകാരിക അനുഭൂതിയിലും ആത്മീയതയെ പുനസൃഷ്ടിക്കുമ്പോൾ പിശാചിനോടും തിന്മയോടും ഏറ്റുമുട്ടാനുള്ള ക്രിസ്തീയ ധാർമ്മിക വിചാരം സഭകൾക്ക് നഷ്ടമാകുന്നു എന്ന് ഫാ. ഡോ. ഒ. തോമസ് വ്യക്തമാക്കുന്നു. *മനുഷ്യ സ്വഭാവത്തിലാണ് തിന്മയുടെ അടിവേര് എന്ന് ദൈവശാസ്ത്രം പഠിപ്പിക്കുന്നു. അതിന്റെ പ്രതിഫലനമാണ് ഘടനകളിൽ പ്രത്യക്ഷമാകുന്നത്.*

*അതിനാൽ സാമൂഹിക തിന്മകളോട് എതിർക്കുവാനും അതേ സമയം മനുഷ്യന്റെ തിന്മയുടെ പ്രഭാവത്തെ രൂപാന്തരപ്പെടുത്തുവാനും കഴിയണം* എന്നും എഴുതുന്നു.

തിന്മയുടെ അടിസ്ഥാനഭാവങ്ങളായ സ്വാർത്ഥത, അഹങ്കാരം, ഭൗതികാസക്തി എന്നീ പ്രലോഭനങ്ങളോടാണ് യേശു പോരാടിയത്. എന്നാൽ ആഗോളവൽക്കരണം സൃഷ്ടിച്ചിരിക്കുന്ന കമ്പോള സംസ്കാരത്തിൽ സ്വാർത്ഥ, അഹന്ത, ദ്രവ്യാഗ്രഹത്തോടുകൂടിയ സുഖഭോഗാസക്തി എന്നിവ സമന്വയിച്ചിരിക്കുന്നു. ഇവയോട് പോരാടാൻ കഴിയുന്നതാകണം



യഥാർത്ഥ ആത്മീയത. ലോകത്തെ ഗ്രസിച്ചിരിക്കുന്ന ഏറ്റവും വലിയ തിന്മ ആഗോളവൽക്കരണമാണെങ്കിൽ അതിനെ ചെറുക്കുവാൻ ക്രൈസ്തവ ആദ്ധ്യാത്മിക പാരമ്പര്യത്തിൽ നോമ്പ്, ഉപവാസം, പ്രാർത്ഥന എന്നിവപോലെ ശ്രേഷ്ഠവുമായ മറ്റൊരു ഉപാധിയില്ല എന്നാണ് ഫാ. ഡോ. ഒ. തോമസ് നിർദ്ദേശിക്കുന്ന ബദൽ മാതൃക. *സമ്പന്നമായി ജീവിച്ചുകൊണ്ട് ദരിദ്രരെ സഹായിക്കുന്നതാണോ ക്രിസ്തു കാണിച്ചുതന്നതും പഠിപ്പിച്ചതുമായ ദൈവരാജ്യശൈലി* എന്നും അദ്ദേഹം ചോദിക്കുന്നു.

സമൃദ്ധിയുടെ സുവിശേഷത്തിന്റെ പ്രചരണമായി തീർന്നു ജനകീയ ആത്മീയത. ദൈവരാജ്യമൂല്യങ്ങളെയും സുവിശേഷ ലക്ഷ്യങ്ങളേയും വിസ്മരിച്ചുള്ള വചനപ്രബോധനങ്ങളും പ്രചരണ സമ്പ്രദായങ്ങളുമാണ് ജനകീയ ആത്മീയതയിൽ പർവ്വതീകരിക്കുന്നത്. ഇത് വിവിധതരം മാനസിക സംഘർഷങ്ങളും സാമ്പത്തിക-വൈകാരിക പ്രതിസന്ധികൾ അനുഭവിക്കുന്നവരേയും ജനകീയ ആത്മീയതയുടെ കെണിയിൽപ്പെടുത്തുകയാണ്. ശക്തിപ്പെടുന്ന ഇത്തരം ജനകീയ ആത്മീയതയിലൂടെ നസ്രായനായ യേശു ലക്ഷ്യം വെച്ച ദൈവരാജ്യനിർമ്മിതി യാഥാർത്ഥ്യമാകുന്നുണ്ടോ എന്ന് വിമർശനപൂർവ്വം വിലയിരുത്തണം എന്ന ഉൾക്കാഴ്ചയാണ് ഈ ഗ്രന്ഥത്തിലൂടെ ഫാ. ഡോ. തോമസ് ഉന്നയിക്കുന്ന പ്രധാന ചോദ്യം.

ദീർഘകാലത്തെ വായനയും പഠനവും മനനവും വഴി സ്വായത്തമാക്കിയ സാമൂഹിക വിമർശന വിശകലന രീതിശാസ്ത്രം വേദവായനയിലും വ്യാഖ്യാനങ്ങളിലും ഫലപ്രദമായി ആവിഷ്ക്കരിക്കുവാനുള്ള വന്ദ്യ ഒ. തോമസച്ചന്റെ സർഗ്ഗസിദ്ധി വർണ്ണനാതീതമാണ്. നിരന്തരമായ വായനയും മനുഷ്യബന്ധങ്ങളോടുള്ള ഇടപെടലും പ്രശ്നപരിഹാര മാർഗ്ഗനിർദ്ദേശങ്ങളും പ്രബോധനത്തിലൂടെ ലഭ്യമായ അനുഭവ പാഠങ്ങളും വിശകലന ശൈലിക്ക് വെളിച്ചം പകർന്നിട്ടുണ്ട്. ഈ ഗ്രന്ഥത്തിൽ അവതരിപ്പിച്ചിരിക്കുന്ന വ്യത്യസ്ഥങ്ങളായ അമ്പതു ലേഖനങ്ങളിലും അന്തർധാരയായി പ്രതിഫലിക്കുന്ന ഏകകം ജനകീയ ആത്മീയതയോടുള്ള നിരന്തരമായ ഏറ്റുമുട്ടലാണ്.

ഏതു വിഷയത്തിന്റെ അപഗ്രഥനത്തിലും ക്രിസ്തുദർശനത്തിലും സുവിശേഷ മൂല്യങ്ങളിലും അധിഷ്ഠിതമായ ആത്മീയതയുടെ വ്യാപനം സഭയിലും സമൂഹത്തിലും ഉണ്ടായി തിന്മയെ നിഗ്രഹിക്കുവാനുള്ള കരുത്താർജ്ജിക്കുവാൻ വ്യക്തികൾക്ക് കഴിയണം എന്ന് അദ്ദേഹം സ്വപ്നം കാണുന്നു. *വിശുദ്ധ ആരാധനയും ആചാരാനുഷ്ഠാനങ്ങളും എല്ലാം മനുഷ്യനിൽ ശക്തിപ്പെടുന്ന പാപരോഗത്തെ അതിജീവിക്കുവാനുള്ള ശേഷി നേടുവാൻ കരുത്തുള്ളതാകണമെന്നും* ഫാ. ഡോ. ഒ. തോമസ് എഴുത്തുകളിൽ വ്യക്തമാക്കുന്നു.

സർവ്വസൃഷ്ടിയേയും മനുഷ്യരാശിയേയും ഹൃദയത്തോട് ചേർത്തുപിടിച്ച് ദൈവാഭിമുഖ്യത്തിൽ വളർത്തി നന്മയും നീതിയും സ്നേഹവും യാഥാർത്ഥ്യമാക്കുന്ന ദൈവരാജ്യാനുഭവമാവണം ക്രിസ്തീയ ആത്മീയത. സ്വാർത്ഥതയും അഹന്തയും അധികാരവും ഭൗതിക ആസക്തിയും അതിൽ ഇടം നേടുന്നില്ല. ദൈവസ്നേഹം വെളിപ്പെടുത്തുന്ന ശ്രുശ്രൂഷയുടെയും കാരുണ്യത്തിന്റെയും നീതിനിർവ്വഹണത്തിന്റെയും ആത്മാവിൽ സമാധാനം സൃഷ്ടിക്കുന്ന ആദ്ധ്യാത്മിക ദർശനമാണിത്.

ക്രിസ്തുശരീരവുമായുള്ള ജൈവബന്ധം ആദ്ധ്യാത്മീകതയിൽ അവിഭാജ്യമായി നിലനിർത്തുന്നതിനാൽ വിശുദ്ധ ആരാധനയിലൂടെ തനതായ വ്യക്തിത്വത്തെക്കാൾ സംഘാതമായ വ്യക്തിത്വമാണ് ലഭ്യമാകുന്നത്. ഇത് മനുഷ്യനെ ദൈവത്തോടും സർവ്വപ്രപഞ്ചത്തോടും സമസ്ത സമൂഹത്തോടും സമന്വയിപ്പിക്കുന്നു.

ദിവ്യ ബലിയിലധിഷ്ഠിതമായ ആദ്ധ്യാത്മീകത ദൈവ-മനുഷ്യ-പ്രപഞ്ച ബന്ധം സമഗ്രവും സംഘാതവുമാക്കുന്നു. നന്മയിൽ പ്രകാശിതമാകുന്ന മാനവികതയിൽ ആത്മപരിത്യാഗവും ലാളിത്യവും നീതിയും സാമൂഹിക പ്രതിബദ്ധതയും ഉൾക്കൊള്ളുന്നു. ദിവ്യബലിയിൽ നിന്ന് ആർജ്ജിക്കുന്ന സുതാര്യവും നീതിപൂർവ്വവുമായ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളാവണം സഭയുടെ കർമ്മപദ്ധതി. ദിവ്യ സംസർഗ്ഗത്തിലൂടെ ദൈവസ്വരൂപത്തിന്റെ പൂർണ്ണതയിലേക്ക് നീതിപൂർവ്വം വളരുവാൻ കഴിയുന്ന ആദ്ധ്യാത്മീകത വിശുദ്ധിയും ലാളിത്യവും പകരുന്ന മനുഷ്യത്വമാണ്. ഇത് എപ്പോഴും ആത്മത്യാഗത്തെ വെളിപ്പെടുത്തുന്നതായിരിക്കും. ഇത് ജനകീയ ആത്മീയതയെ നിരന്തരം പ്രതിരോധിക്കുന്ന സുവിശേഷമാണ്.